പ്രസ്സ് റിലീസ് PRESS RELEASE


ഭാരതീയ റിസർവ് ബാങ്ക്

RESERVE BANK OF INDIA

വെബ്സൈറ്റ് : www.rbi.org.in/hindi

Website : www.rbi.org.in

ഇ-മെയിൽ : helpdoc@rbi.org.in

**ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ**, സെൻട്രൽ ഓഫീസ്, എസ്.ബി.എസ്. മാർഗ്, മുംബൈ - 400 001

**DEPARTMENT OF COMMUNICATION**, Central Office, S.B.S. Marg, Mumbai - 400 001

Phone : 91 22 2266 0502 Fax : 91 22 22660358


നവംബർ 14, 2018

**ആർബിഐ ദി ജമ്മു ആന്റ് കശ്മീർ ബാങ്ക് ലിമിറ്റഡ് - ന്**

**ധനപരമായ പിഴ ചുമത്തുന്നു.**

ഇൻകം റെക്കഗ്നിഷൻ, അസറ്റ് ക്ലാസിഫിക്കേഷൻ (ഐആർഎസി) മാനദണ്ഡങ്ങൾ, കെവൈസി/ആന്റി മണി ലോണ്ടറിങ്ങ് (കെവൈസി/എഎംഎൽ) മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച് ആർബിഐ പുറപ്പെടുവിച്ചിരുന്ന ആജ്ഞാപനങ്ങൾ അനുസരിക്കാതിരുന്നതിന് 2018 നവംബർ 05ന് പുറത്തിറക്കിയ ഒരു ഉത്തരവിലൂടെ ഭാരതീയ റിസർവ് ബാങ്ക് ദി ജമ്മു ആന്റ് കശ്മീർ ബാങ്ക് ലിമിറ്റഡ്-ന് 30 ദശലക്ഷം രൂപയുടെ ഒരു ധനപരമായ പിഴചുമത്തിയിരിക്കുന്നു. ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949-ലെ സെക്ഷൻ 46(4)(i) നോടൊപ്പം ചേർത്ത് വായിക്കേണ്ട സെക്ഷൻ 47എ(1)(സി) പ്രകാരം ആർബിഐയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ പ്രയോഗിച്ചുകൊണ്ട്, ആർബിഐ പുറപ്പെടുവിച്ചിരുന്ന മുകളിൽപ്പറഞ്ഞ ആജ്ഞാപനങ്ങൾ അനുസരിക്കുന്നതിൽ ബാങ്ക് വരുത്തിയ വീഴ്ച കണക്കിലെടുത്താണ് പിഴ ചുമത്തിയത്.

ക്രമാനുസാരമായ അനുവർത്തനത്തിലെ അപര്യാപ്തതകളെ അടിസ്ഥാനമാക്കിയുള്ള ഈ നടപടി, മേൽപ്രസ്താവിച്ച ബാങ്ക് അതിന്റെ ഇടപാടുകാരുമായി നടത്തിയ ഏതെങ്കിലും ഇടപാടിന്റെയോ അല്ലെങ്കിൽ അവരുമായി ഏർപ്പെട്ട ഏതെങ്കിലും കരാറിന്റെയോ സാധുതയെക്കുറിച്ച് വിധി പ്രസ്താവിക്കാനുദ്ദേശിച്ചുള്ളതല്ല.

**അജിത് പ്രസാദ്**

അസിസ്റ്റന്റ് അഡ്വൈസർ

**പ്രസ്സ് റിലീസ്: 2018-2019/1122**